പ്ലാച്ചിമട-ട്രിബ്യൂണൽ ബിൽ

17(*227) ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിന് സമർപ്പിച്ച പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ കേന്ദ്ര സർക്കാർ തിരിച്ചയച്ചിട്ടുണ്ടോ; രാഷ്ട്രപതിയുടെ അനുമതിക്കും പരിഗണനയ്ക്കും സമർപ്പിക്കാതെയാണോ ബിൽ തിരിച്ചയച്ചിരിക്കുന്നത്; വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിശദമാക്കുമോ ;

(ബി) പ്രസ്തുത ബിൽ കേന്ദ്ര സർക്കാർ എത്ര തവണ തിരിച്ചയക്കുകയുണ്ടായി; യു.പി.എ. സർക്കാരിന്റെ കാലത്ത് പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടായിരുന്നുവോ എന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) സംസ്ഥാന നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രസ്തുത ബിൽ 2010-ലെ ദേശീയ ഹരിത ട്രൈബ്യൂണൽ ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള നിയമം തന്നെ ഇക്കാര്യത്തിൽ മതിയായതാണെന്ന കാരണം ചൂണ്ടിക്കാട്ടി രാഷ്ട്രപതിയുടെ അനുമതിക്ക് സമർപ്പിക്കാതെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തിരികെ അയച്ചിരുന്നു. കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നടപടിയിൽ പ്രതിഷേധം അറിയിക്കുകയും പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി വീണ്ടും 19-9-2015-ലെ 321/ലെഗ്എഫ്2/2011/നിയമം നമ്പർ കത്ത് പ്രകാരം ബഹുമാനപ്പെട്ട ഗവർണർ മുഖാന്തരം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചിരിക്കുകയാണ്.

(ബി) ഒരു തവണ തിരിച്ചയയ്ക്കുകയുണ്ടായി. യു. പി. എ. സർക്കാരിന്റെ കാലത്ത് പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിന് അയച്ചിട്ടുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly